AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

# Press Release

PR . 07/2019 17.01.2019

## സംസ്ഥാനതല കാർഷിക ഫോട്ടോഗ്രാഫി മത്സരം 2018 -19

കൃഷിവകുപ്പിന്റെ ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിക്കുന്ന പ്രഥമ കൃഷി മാസികയായ കേരള കർഷകൻ 2018-19 ൽ നടത്തുന്ന സംസ്ഥാനതല കാർഷിക ഫോട്ടോഗ്രാഫി മത്സരത്തിലേക്ക് ഫോട്ടോകൾ ക്ഷണിക്കുന്നു. **''കൃഷിയിലെ നിറകാഴ്ചകൾ''** എന്നതാണ് ഈ വർഷത്തെ വിഷയം. പ്രസ്തുത വിഷയത്തെ അടിസ്ഥാനമാക്കിയ 12x18 വലിപ്പമുള്ള കളർ ഫിലിം പ്രിന്റുകളാണ് മത്സരത്തിനായി അയയ്ക്കേണ്ടത്. ഫോട്ടോയോടൊപ്പം നല്ല റെസല്യൂഷനുള്ള സോഫ്റ്റ് കോപ്പി നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്. നേരത്തെ മത്സരത്തിനയച്ചിട്ടുള്ള ഫോട്ടോകൾ പരിഗണിക്കുന്നതല്ല. ഒരാൾക്ക് പരമാവധി മൂന്ന് എൻട്രികൾ വരെ അയയ്ക്കാവുന്നതാണ്. മാസികയുടെ മുഖചിത്രത്തിനനുയോജ്യമായി വെർട്ടിക്കൽ ആംഗിളിലെടുത്ത ചിത്രങ്ങളാണ് സ്വീകരിക്കുന്നത്. കവറിനു പുറത്ത് സംസ്ഥാനതല കാർഷിക ഫോട്ടോഗ്രാഫി മത്സരം 2018-19 എന്ന് എഴുതിയിരിക്കണം. മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്നയാളിന് 25000 രൂപയും, രണ്ട്, മൂന്ന് എന്നീ സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് യഥാക്രമം 15000 രൂപയും 10000 രൂപയും കൂടാതെ 10 പേർക്ക് പ്രോത്സാഹന സമ്മാനമായി 2500 രൂപ വീതവും നൽകുന്നു. ഫോട്ടോകൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ പി.ഒ. തിരുവനന്തപുരം.3. എന്ന വിലാസത്തിൽ ഫെബ്രുവരി 15-നു മുമ്പായി അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2314358, 0471-2318186.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
**Website:** www.fibkerala.gov.in **Email:**fibtvm@gmail.com
**Telephone:** 0471 2317314